**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 371** **23-08-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവഹണ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനാവശ്യമായ അംഗീകാരങ്ങൾ നൽകുന്ന നടപടി ക്രമങ്ങൾ പൂർത്തിയായോ എന്ന് വിശദമാക്കാമോ; | (എ) | പാലമേൽ, പുറമറ്റം, ആനക്കര എന്നീ ഗ്രാമപഞ്ചായത്തുകളും മട്ടന്നൂർ മുനിസിപ്പാലിറ്റിയും ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2022-23 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 11 ഗ്രാമപഞ്ചായത്തുകളും 6 നഗരസഭകളും ഉൾപ്പെടെ 17 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇനി അംഗീകാരം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ആവശ്യമായ രേഖകൾ സമർപ്പിയ്ക്കുന്ന മുറയ്ക്ക് അവയ്ക്കും ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാകും. വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫിസർമാർ അംഗീകാരം നൽകുന്ന പ്രക്രിയ നടന്നുവരുന്നു. |
| (ബി) | സാമ്പത്തിക വർഷം തുടങ്ങി നാലുമാസം പിന്നിട്ടതിനു ശേഷം പദ്ധതി തുടങ്ങുന്നത് വഴി പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ സമയം ലഭിക്കാതെ വന്നാൽ അടുത്ത വർഷത്തേക്ക് ഇതേ പദ്ധതിക്ക് ആവശ്യമായ സമയം നൽകുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ പദ്ധതി രൂപീകരണം രണ്ട് ഘട്ടങ്ങളായിട്ടാണ് നടന്നത്. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽത്തന്നെ നിർവ്വഹണം ആരംഭിക്കേണ്ടുന്ന ആദ്യഘട്ട പദ്ധതികളുടെ അംഗീകാരം ഏപ്രിൽ മാസത്തിൽതന്നെ ലഭ്യമാക്കിയിരുന്നു. സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ചിൽ തന്നെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഉള്ള പ്രവർത്തനങ്ങൾ ആണ് നടക്കുന്നത്. ഒരു സാമ്പത്തിക വർഷം മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ അടുത്ത ഏപ്രിൽ 1 മുതൽ തുടർന്ന് നിർവ്വഹണം നടത്തുന്നതിന് ആസൂത്രണ മാർഗരേഖ പ്രകാരം തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |
| (സി) | തദ്ദേശസ്ഥാപനങ്ങളുടേതല്ലാത്ത കാരണത്താൽ പദ്ധതി നിർവഹണം വൈകുകയാണെങ്കിൽ സ്പിൽ ഓവറായി അടുത്ത സാമ്പത്തിക വർഷത്തിലേക്ക് | (സി) | വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയിൽ |

| | | | |
|---|---|---|---|
| | പദ്ധതികൾ നീളുമ്പോൾ സാമ്പത്തിക വർഷത്തെ തുക വെട്ടികുറക്കാതെ മുൻ വർഷത്തെ പദ്ധതി കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത, അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ, ക്യാരിഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ് എന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(കൈ)നം.79/2021/ ധന തീയതി 15.07.2021 പ്രകാരമുള്ള ക്യാരിഓവർ തുകയും അനുവദിക്കുന്നതാണ്. |
| (ഡി) | ഓരോ തദ്ദേശ സ്ഥാപനങ്ങളുടെയും പ്രാദേശിക വികസനത്തിന് ഉതകുന്ന വിധം ഫണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം തുക വികസന ഫണ്ടായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത് അനുവദിക്കുന്നത്. 2021-22 മുതൽ 2025-26 വരെ ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് കാലയളവാണ്. ജനസംഖ്യ, വിസ്തീർണ്ണം, പാരിസ്ഥിതിക ദുർബലത, പിന്നോക്കാവസ്ഥ, തനത് വരുമാനത്തിലെ വർദ്ധനവ് എന്നീ മാനദണ്ഡങ്ങളാണ് വികസന ഫണ്ട് അനുവദിക്കുന്നതിന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. അത് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന ആവശ്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ പദ്ധതി വിഹിതം അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ